നമ്പർ 42/2025/SC/CHCA                                തീയതി: 29/5/2025

# കേരള സംസ്ഥാന ആരോഗ്യവകുപ്പ്

സാമൂഹികാരോഗ്യകേന്ദ്രം, ആര്യനാട്

## സാനിട്ടേഷൻ സർട്ടിഫിക്കറ്റ്

തിരുവനന്തപുരം ജില്ലയിൽ ആര്യനാട് ഗ്രാമപഞ്ചായത്തിൽ പാലൈക്കോണം പ്രദേശത്ത് VII/158A കെട്ടിത്തിൽ പ്രവർത്തിച്ചുവരുന്ന Villa Nazreth E.M School എന്ന സ്ഥാപനത്തിൽ 28/05/2025-ാം തീയതിയിൽ സാമഹികാരോഗ്യകേന്ദ്രം ആര്യനാട് ഹെൽത്ത് ഇൻസ്പെക്ടർ പരിശോധിച്ച് ടി സ്ഥാപനം പ്രിൻസിപ്പൾ, വില്ല നസ്രത്ത് ഇംഗ്ലീഷ് മീഡിയം സ്കൂൾ, പാലൈക്കോണം എന്നയാളുടെ (അപേക്ഷകന്റെ/ഉടമസ്ഥന്റെ) ആണ്. സ്ഥാപനം പരിസരവും പരിശോധിച്ചപ്പോൾ സാനിട്ടറി കണ്ടിഷൻസ് തൃപ്തികരമെന്ന് ബോദ്ധ്യമായി. ആര്യനാട് പഞ്ചായത്തിൽ നിന്ന് ലൈസൻസിനുവേണ്ടി താഴെ പയുന്ന വ്യവസ്ഥകൾക്കും നിബന്ധനകൾക്കും വിധേയമായി സ്ഥാപനത്തിന് സാനിട്ടറി സർട്ടിഫിക്കറ്റ് അനുവദിക്കുന്നു.

1. പൊതുജനാരോഗ്യ ശലഗയമുണ്ടാകാത്ത രീതിയിൽ സ്ഥാപനം പ്രവർത്തിക്കണം.
2. മാലിന്യം പൊതുജനാരോഗ്യത്തിന് ഹാനികരമാകാത്തവിധത്തിൽ ശാശ്ത്രീയമായി നീക്കം ചെയ്യണം.
3. ജലസ്രോതസ്സുകളും മറ്റും സാംക്രമിക രോഗങ്ങൾ ഉണ്ടാകാത്തവിധത്തിൽ സംരക്ഷിക്കണം.
4. ഈ സ്ഥാപനത്തിൽ നിന്നും ജലം, വായു, ശബ്ദ മലിനീകരണം ഉണ്ടാക്കുന്ന പ്രവർത്തനം പാടില്ല.
5. സ്ഥാപനവും പരിസരവും സാംക്രമിക രോഗങ്ങൾ ഉണ്ടാകാത്ത വിധത്തിൽ സംരക്ഷിക്കണം.
6. ജീവനക്കാർ സാംക്രമിക രോഗങ്ങളിൽ നിന്നും മുക്തരരാണെന്ന് സാക്ഷ്യപ്പെടുത്തിയിട്ടുള്ള ഹെൽത്ത് കാർഡ് ഉണ്ടായിരിക്കണം.
7. പുകയില മുക്തം സൈൻ ബോർഡ് പ്രദേശിപ്പിക്കേണ്ടതും സ്ഥാപനം പുകയില മുക്തമെന്ന് ഉറപ്പുവരുത്തണം.
8. അന്യസംസ്ഥാന തൊഴിലാളികൾ സ്ഥാപനത്തിൽ ഉണ്ടെങ്കിൽ ആര്യനാട് പ്രാഥമികാരോഗ്യകേന്ദ്രത്തിലെ മെഡിക്കൽ ഓഫീസറെ അറിയിക്കേണ്ടതാണ്.
9. പ്ലാസ്റ്റീക് മാലിന്യം പരിസരത്ത് കത്തിക്കുകയോ വലിച്ചെറിയുകയോ ചെയ്യരുത്. പ്ലാസ്റ്റിക് മാലിന്യം ശേഖരിച്ച് ശാസ്ത്രീയമായ രീതിയിൽ സംസ്ക്കരിക്കുക.
10. പൊതുജനാരോഗ്യ നിയമം, പഞ്ചായത്ത് രാജ് നിയമവും ചട്ടങ്ങളും, മറ്റ് ബന്ധപ്പെട്ട നിയമങ്ങളും നടപടിക്രമങ്ങളും പാലിച്ചിരിക്കണം.
11. ഭാവിയിൽ ഏതെങ്കിലും തരത്തിലുള്ള വികസന പ്രവർത്തനങ്ങൾ നടത്തുകയാണെങ്കിൽ ഈ ആഫീസിൽ നിന്നും ലഭിക്കുന്ന അനുമതിയ്ക്ക് വിധേയമായിരിക്കണം.
12. മുകളിൽ പറഞ്ഞ നിബന്ധനകളിൽ ഏതെങ്കിലും പാലിക്കാതെ വന്നാൽ മറ്റൊരു അറിയിപ്പ് കൂടാതെ സാനിറ്ററി സർട്ടിഫിക്കറ്റ് റദ്ദ് ചെയ്യുന്നതാണ്.

COMMUNITY HEALTH CENTRE ARYANAD

ആര്യനാട്                                                ഹെൽത്ത് ഇൻസ്പെക്ടർ

തീയതി: 29/5/2025                                       സി.എച്ച്. സി. ആര്യനാട്

Health Inspector
CHC Aryanad

ഫയൽ നം.

## സ്ഥാപനത്തിൽ പാലിച്ചിരിക്കേണ്ട നിബന്ധനകൾ

1. 50 മൈക്രോണിൽ താഴെയുള്ള പ്ലാസ്റ്റിക് കവറുകൾ വിൽക്കുകയോ ഉപയോഗിക്കുവാനോ പാടില്ല

2. 50 മൈക്രോണിൽ മുകളിലുള്ള പ്ലാസ്റ്റിക് കവറുകൾ, കപ്പുകൾ, പ്ലേറ്റുകൾ എന്നിവ വിറ്റാൽ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ നിശ്ചിത ഫീസ് അടച്ച് രസീത് ഹാജരാക്കണം.

3. പുകവലി നിയന്ത്രണം സംബന്ധിച്ച പുകവലി നിരോധിത മേഖല എന്നെഴുതിയ 60 X 30 സെന്റീമീറ്ററിൽ കുറയാത്ത വലുപ്പത്തിലുള്ള മുന്നറിയിപ്പ് ബോർഡ് സ്ഥാപിക്കേണ്ടതാണ്.

4. ജലം ഉപയോഗിച്ച് ഭക്ഷണ പാനീയങ്ങൾ ഉണ്ടാക്കുന്ന സ്ഥാപനങ്ങൾ അംഗീകൃത ജലപരിശോധനനടത്തണം.

5. ഉപഭോക്താവിന് പരാതിയുണ്ടെങ്കിൽ പരാതിപ്പെടുന്നതിനായി ഹെൽത്ത് ഇൻസ്പെക്ടർ, പഞ്ചായത്ത് സെക്രട്ടറി എന്നിവരുടെ ഫോൺ നമ്പർ പ്രദർശിപ്പിച്ചിരിക്കണം.

6.പൊതുസ്ഥലങ്ങളിലോ മാലിന്യം പൊതുജനങ്ങൾക്ക് നിക്ഷേപിക്കുവാൻ പഞ്ചായത്ത് നിർദ്ദേശിച്ചിരിക്കുന്ന സ്ഥലങ്ങളിലോ സ്ഥാപനത്തിന്റെ മാലിന്യം നിക്ഷേപിക്കുവാൻ പാടില്ലാത്തതും അത്തരം പ്രവർത്തികൾ ശ്രദ്ധയിപ്പെട്ടാൽ മുൻകൂട്ടി അറിയിക്കാതെ തന്നെ ലൈസൻസ് റദ്ദ് ചെയ്യുന്നതായിരിക്കും.

7. അന്യസംസ്ഥാന തൊഴിലാളികൾ സ്ഥാനത്തിൽ ജോലി ചെയ്യുന്നുണ്ടെങ്കിലും അവരുടെ പൂർണ്ണവിവരം എഴുതി സൂക്ഷിക്കേണ്ടതും ആയത് പ്രാഥമിക ആരോഗ്യകേന്ദ്രത്തിൽ അറിയിക്കേണ്ടതും ലൈസൻസിയുടെ പൂർണ്ണ ഉത്തരവാദിത്വമാണ്.

8. പ്രാഥമിക ശുശ്രൂഷയ്ക്കാവശ്യമായ ഔഷധങ്ങൾ അടങ്ങിയ പ്രഥമ ശുശ്രൂഷാകിറ്റ് യൂണിറ്റിൽ സൂക്ഷിക്കേണ്ടതാണ്.

9. സ്ഥാപനത്തിൽ ഖരമാലിന്യങ്ങൾ/ദ്രവമാലിന്യങ്ങൾ സ്വീകരിക്കുന്നതും ശേഖരിക്കുന്നതിനും സുരക്ഷിതമായി കൈകാര്യം ചെയ്യുന്നതിനുമുള്ള സജ്ജീകരണം ഏർപ്പെടുത്തിയിരിക്കേണ്ടതാണ്.

10. തൊഴിലാളികളുടെ എണ്ണത്തിന് അനുപാതികമായി കക്കൂസ് മൂത്രപ്പുര എന്നിവ നിർമ്മിക്കേണ്ടതാണ്.

11. ഭക്ഷണ സാധനങ്ങൾ കൈകാര്യം ചെയ്യുന്നവർ പകർച്ച വ്യാധിയിൽ നിന്നും മുക്തരാണെന്ന് തെളിയിക്കുന്ന ഫിറ്റ്നസ് സർട്ടിഫിക്കറ്റ്/ഹെൽത്ത് കാർഡ് സൂക്ഷിക്കേണ്ടതാണ്.

12. സ്ഥാപനത്തിന്റെ പ്രവർത്തനം പൊതുജനാരോഗ്യപ്രശ്നങ്ങൾ ഉണ്ടാകാത്ത തരത്തിലും പരിസരവാസികൾക്ക് യാതൊരു തരത്തിലുള്ള ആരോഗ്യ പ്രശ്നങ്ങളും സൃഷ്ടിക്കാത്ത തരത്തിലായിരിക്കണം.

13. ~~1955~~ 2023 -ലെ പൊതുജനാരോഗ്യ നിയമപ്രകാരം മാത്രമേ സ്ഥാപനം പ്രവർത്തിപ്പിക്കുവാൻ പാടുള്ളൂ.

## സത്യപ്രസ്താവന

മേൽപ്പറഞ്ഞ എല്ലാ വസ്തുതകളും സത്യമാണെന്നും എന്റെ സ്ഥാപനത്തിൽ ഉണ്ടാകുന്ന എല്ലാതരം ഖര, ദ്രവ മാലിന്യങ്ങളും രന്റെ സ്വന്തം ഉത്തരവാദിത്വത്തിൽ പൊതുജനാരോഗ്യത്തിന് ഹാനീകരമാകാത്ത വിധത്തിൽ സംസ്കരിച്ചു കൊള്ളാമെന്നും സ്ഥാപനവും പരിസരവും എപ്പോഴും വൃത്തിയായി സൂക്ഷിച്ചുകൊള്ളാമെന്നും പൊതുജനങ്ങൾക്ക് ബുദ്ധിമുട്ട് ഉണ്ടാക്കുന്ന യാതൊരു പ്രവർത്തനങ്ങളും ചെയ്യുന്നതല്ലായെന്നും ഗ്രാമപഞ്ചായത്ത്, ആരോഗ്യവകുപ്പ് അധികാരികളുടെ നിയമാനുസൃതമായ നിർദ്ദേശങ്ങൾ യഥാസമയം പാലിച്ച് കൊള്ളാമെന്നും ഇതിനാൽ സമ്മതിച്ചുകൊള്ളുന്നു.

സ്ഥലം — അപേക്ഷകന്റെ പേര്, ഒപ്പ്

തിയതി — സ്ഥാപനത്തിന്റെ പേര്

Health Inspe...
CHC ...